# weekly Devotion- June 2019
# God's guidance at Kerith Ravine
## (ദൈവീക നടത്തിപ്പിന്റെകെരീത്ത്)



1896 ൽ ഷെർവുഡ്എഡി എന്ന ദൈവദാസൻ ഉത്സാഹത്തോടെ ഇൻഡ്യയിലെ തന്റെസുവിശേഷ വേല ആരംഭിച്ചു. വേലയ്ക്കായി പുറപ്പെട്ടപ്പോൾതന്നെ പലരും അദ്ദേഹത്തെ ഉപേക്ഷിച്ചു. എങ്കിലും ഭയക്കാതെ ഒരു വർഷം വേല ചെയ്തു. ക്രമേണ പലദിവസവും ഉറക്കം നഷ്ടപ്പെട്ട അദ്ദേഹം ഈ പ്രവർത്തി അവസാനി ഷിക്കാംഎന്നുകരുതി പ്രാർത്ഥനയ്ക്കിരുന്നപ്പോൾ യോഹ:4:14 ദൈവം തന്നോടു സംസാരിക്കുന്നതായി അദ്ദേഹത്തിനു തോന്നി. യേശുതന്നോടു പറയുന്നതായി അദ്ദേഹത്തിനു തോന്നിയ ദൈവവചനമാകുന്ന നീരുറവയിൽ നിന്നും അദ്ദേഹം കുടിയ്ക്കുവാൻ തുടങ്ങി. വചനം നമ്മെ സ്പർശിക്കുമ്പോൾ പരിശുദ്ധാത്മാവ് ഈ നീരുറവയെ നമ്മുടെ ഉള്ളിലേക്ക് ഒഴുക്കുന്നു. ഈ നീരുറവ അദ്ദേഹത്തിന്റെ നിരാശമാറ്റിയതിനാൽ പിന്നീട് പ്രത്യാശയോടെ തന്റെ വേല തുടരുകയും ചെയ്തു. എത്ര വിഭവശേഷിയുള്ളവരും ഒരു പ്രത്യേക സമയത്ത് ശക്തിഹീനരാകും. അപ്പോൾ ദൈവീക വാഗ്ദത്തങ്ങളാണ് നമുക്ക്ശക്തിതരുന്നത്. ആത്മീയ നീരുറവ യുക്തിയുടെ വരമ്പുകൾക്കു മീതെകവിഞ്ഞൊഴുകുന്നു,

സദൃ: (27:12)ൽ വിവേകമുള്ളവൻ അനർത്ഥം കണ്ട് ഒളിച്ചുകൊള്ളുന്നു എന്ന്കാണുന്നു. ജ്ഞാനം , വിവേകംഇവയഹോവ പഠിപ്പിക്കുന്ന വചനമൂല്യംലഭ്യമാക്കുന്ന ഗുണങ്ങളാണ്. Readസദൃ: (4:4,5)

## വിവേകമുള്ളവന്റെപ്രധാന ലക്ഷണങ്ങൾ

1. വിവേകമുള്ളവൻ തന്റെ നടപ്പ്സൂക്ഷിക്കുന്നു.
2. വിവേകത്തിന്റെ പാതകണ്ടെത്തിഅതിലൂടെയാത്ര ചെയ്യുന്നു.
3. വിവേകമുള്ളവൻ കാര്യങ്ങൾ മുൻകൂട്ടി കാണുന്നു.
4. അവന് ആത്മീകഅന്തർദൃഷ്ടിയുണ്ട്.
5. ദുഷ്ടൻ തന്റെമുന്നിലെത്തുമ്പോൾ വിവേകമുള്ളവൻ തന്റെഅധരത്തെ സൂക്ഷിക്കുന്നു.

'ഒളിച്ചിരിക്കുവാൻ' യഹോവആവശ്യപ്പെട്ടത് നമ്മോട് സമസ്വഭാവമുള്ള ഏലിയാവ് എന്ന വ്യക്തിയോടാണ്.സാധാരണ ഒളിവിൽ പോകുന്നത് ഭൗമീക നിയമങ്ങൾ മറന്ന്തെറ്റ്ചെയ്യുന്നവരാണ്. എന്നാൽകർത്താവ് ഒളിക്കുവാൻ ആവശ്യപ്പെടുന്ന വ്യക്തിയുടെ ഒളിവിടവും ,ഒളിച്ചിരിക്കേണ്ട കാലാവധിയും നിശ്ചയിക്കുന്നത് കർത്താവുതന്നെയാണ്. ഒരു പ്രവർത്തിയുടെ അനന്തരഫലമാണ്ഒളിക്കുക എന്ന ക്രീയ. 1രാജാ:(17:1-3) വരെയുള്ള വാക്യങ്ങളിൽ നിന്നും കർത്താവ് ഒളിക്കുവാൻ ഏലിയാവിനു നൽകിയ നിർദ്ദേശത്തിന്റെ കാരണം കാണാം. "യഹോവ എന്റെ ദൈവം" എന്ന ചിന്തയാണ് ഏലിയാവിനെ മുൻപോട്ടു നയിച്ചത്. ഏലിയാവ് എന്ന പേരിന്റെ അർത്ഥവും അതുതന്നെയാണ്. യഹോവയെ ആരാധിക്കുന്നവരും ബാൽവിഗ്രഹങ്ങളെ ആരാധിക്കുന്നവരുടേയും നടുവിൽ വസിച്ച അദ്ദേഹത്തിന് യഹോവയെ മറന്ന ജനത്തിനോട് കോപമുണ്ടായി. സകല നന്മകളും ബാൽ തന്നത് എന്നു പറഞ്ഞ ജനത്തെ മടക്കി വരുത്തുവാനുള്ള നിയോഗത്തിന്റെ തുടക്കമായിരുന്നു ആകാശം അടെച്ച പ്രവർത്തി. യഹോവ നൽകിയ ധൈര്യമാണ് അപ്രകാരം പറയുവാൻ സഹായിച്ചത്. ആവ:(28:15,23,24) ഈ ഭാഗങ്ങൾ വായിച്ചാൽ കല്പനകൾ അനുസരിക്കാത്തവർക്കുള്ള ശാപവാക്കുകളായിരുന്നു അത്എന്ന് മനസ്സിലാക്കാം.

കെരീത്ത് തോട്ടിന്നരികെ ഒളിച്ചിരിക്കുവാൻ ആവശ്യപ്പെട്ടത് എന്തിന്?

1. ശത്രുകാണാതെ ഇരിക്കുവാൻ ഉള്ള ഒരു പാർപ്പിട സൗകര്യമായിരുന്നു കെരീത്ത്. യഹോവ ആകാശം അടയ്ക്കും മുമ്പേ തന്നെ യോർദ്ദാന്റെ കൈവഴികളിലൊന്നായ കെരീത്ത് ഉണങ്ങിയിരുന്നു. വെള്ളമില്ലാത്തിടത്ത് ജീവജാലങ്ങളും ഇല്ലായിരുന്നു. അപ്രകാരമുള്ളിടത്ത് പാർപ്പിടമൊരുക്കിയപ്പോഴും തന്റെമകന് ഒരു നീരുറവ യഹോവ ഒരുക്കിയിരുന്നു. കൂടാതെഅപ്പവും ഇറച്ചിയുമായി രണ്ടു നേരം വരുന്ന ഒരു മലങ്കാക്കയേയും നിയോഗിച്ചിരുന്നു.
2. കെരീത്ത്എന്നാൽവെട്ടിമുറിക്കുകഎന്നാണ്. ക്രമംതെറ്റിയവരുമായുള്ള ബന്ധംവെട്ടിമാറ്റിതാനുമായുള്ള ബന്ധംദൃഢമാക്കുവാനാണ് ഏലിയാവിനെ കെരീത്തിലെത്തിച്ചത്. അന്യദൈവങ്ങളെ ആരാധിച്ചവർക്ക്ദൈവീകസംരക്ഷണം നഷ്ടമായപ്പോൾ ഏലിയാവ്ദൈവസംരക്ഷണംകണ്ടു.
3. ആത്മീയ പരാജയം സംഭവിക്കാതിരിപ്പാൻ ഈ ഏകാന്തത ആവശ്യമായിരുന്നു.
4. ഞാനെന്ന ചിന്ത വരാതിരിപ്പാനും സ്വയബുദ്ധി ശരിയല്ലഎന്ന് പഠിപ്പിക്കുവാനുമാണ്കെരീത്തിലെത്തിച്ചത്.
5. സാഹചര്യങ്ങളെ ഭയക്കാതെപ്രവർത്തിപ്പാനുള്ള ഒരു Trainingആയിരുന്നുകെരീത്തിൽ നടന്നത്.

ഏലിയാവ് കെരീത്തിലെ നീരുറവ കണ്ടു.ഹാഗാർ കണ്ടില്ല. യഹോവകാട്ടി കൊടുത്തപ്പോഴാണ് പ്രയോജനപ്പെട്ടത്. കണ്ടാലും അവഗണിക്കുന്നവരാകാതെജോസഫിനെപ്പോലെസ്വപ്നനടത്തിപ്പിനായി പ്രത്യാശയോടെകാത്തിരുക്കുക, വിശ്വസിക്കുക. കെരീത്തിലെ പാഠശാലസ്വപ്നം നശിപ്പിക്കുന്നതല്ല, വിജയത്തിലെത്തിക്കുന്നതാണ്. ദൈവീക നടത്തിപ്പ് കാണുവാൻ ദൈവംസഹായിക്കട്ടെ.

**ശാന്തമ്മ വർഗ്ഗീസ്**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59-JJX2dk_wuLkKT2hE0tg